# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

എൻ. എസ്. എസ്. എച്ച്. എസ്. എസ്.

ധനുവച്ചപുരം

## ആമുഖം

തിരുവനന്തപുരം ജില്ലയിലെ ധനുവച്ചപുരം എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന എയിഡഡ് വിദ്യാലയമാണ്. ജില്ലയിലെ ആദ്യവിദ്യാലയങ്ങളിൽ ഒന്നാണിത്. തിരുവനന്തപുരം ജില്ലയുടെ തെക്കേ അറ്റത്തുള്ള കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ പുതുശ്ശേരി മഠത്തിലെ ബ്രഹ്മശ്രീ നീലകണ്ഠരു കൃഷ്ണരു സംഭാവനനൽകിയ 3 ഏക്കർ 40 സെന്റ് സ്ഥലത്താണ് ധനുവച്ചപുരം എൻ.എസ്.എസ് ഹയർസെക്കന്ററി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1964 മെയ് 18-ാം തിയതിയാണ് ഈ സ്കൂൾ ആദ്യമായി പ്രവർത്തനം ആരംഭിച്ചത്. അന്നത്തെ ഗവർണർ ശ്രീ പട്ടംതാണുപിള്ളയാണ് ഈ സ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസ അന്തരീക്ഷം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുന്നു.

| | | |
|---|---|---|
| സാഹിത്യപോഷണ പരിപാടികൾ<br>പഠനയാത്രകൾ<br>സെമിനാറുകൾ<br>കലാകായികമേള<br>ഐ ടി. പരിശീലനം<br>ക്ലാസ് പി.ടി.എ. സജീവമാക്കൽ.<br>സ്കൂൾ പത്രം/ മാസിക.<br>പ്രവൃത്തി പരിചയപഠനം<br>ഉത്സവങ്ങൾ<br>മെഡിക്കൽ ക്യാമ്പ്.<br>പോഷകാഹാര പരിപാടി<br>ടേം മൂല്യനിർണ്ണയം<br>നിരന്തരവിലയിരുത്തൽ,<br>ദിനാചരണം<br>കായികപഠനം. | അടുക്കള<br>കുട്ടികളുടെ വിതരണം<br>മാലിന്യസംസ്കരണം<br>ലബോറട്ടറി<br>ജന്മദിനത്തിനൊരു പുസ്തകം<br>എന്റെ വിദ്യാലയം<br>ഒരു കൃഷിത്തോട്ടം<br>എന്റെ ചെടി<br>എനിക്കും പറയാനുണ്ട് | വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>ക്ലാസ് പി.ടി.എ<br>മാതൃകാപരമാകുന്ന തിരുത്തൽ നടപടികൾ<br>വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ.<br>വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ.<br>പ്രാദേശിക പി.ടി.എ<br>ഭവന സന്ദർശനം. |

2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക.

3. 8 മുതൽ 12-ാം ക്ലാസുവരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായിട്ടുള്ള ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ക്ലാസ് മുറികൾ | പി.ടി.എ ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | ഓഫീസ് മുറി | വിദ്യാലയ വികസനസമിതി |
| ഇംഗ്ലീഷ് പഠന പരിപോഷണം | സ്റ്റാഫ് മുറി | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ |
| ശാസ്ത്രപോഷണ പരിപാടി | വിശ്രമമുറി | സന്നദ്ധസംഘടനകൾ, |
| വായനാ പരിപോഷണം | കമ്പ്യൂട്ടർ റൂം | വിദ്യാഭ്യാസ പ്രവർത്തകർ |
| ലൈബ്രറി ശാക്തീകരണം | മൾട്ടിമീഡിയ റൂം | പൂർവ്വാധ്യാപകർ, |
| ജൈവവൈവിധ്യ പാർക്ക് | ലൈബ്രറി | സഹകരണസ്ഥാപനങ്ങൾ |

## ഗണിതശാസ്ത്ര പഠനം രസകരമാക്കുന്ന പ്രവർത്തനങ്ങൾ

ഗണിതശാസ്ത്ര പഠനം രസകരമാക്കുന്നതിനായി ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. വിവിധ രൂപങ്ങൾ നിർമ്മിച്ച് അവയുടെ ഗണിതസവിശേഷതകൾ പരിചയപ്പെടുത്തി പ്രദർശിപ്പിക്കാം. ആവശ്യാനുസരണം ഗണിതലാബുകൾ തയ്യാറാക്കി ഗണിത ക്ലാസുകൾ കൈകാര്യം ചെയ്യാം. ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നതിനായി പ്രകൃതിദത്തമായ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്താം. ഗണിത ക്ലബിന്റെ ആഭിമുഖ്യത്തിൽ ഗണിതശാസ്ത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കാം.

ചതുഷ്ക്രിയകൾ സ്വായത്തമാക്കുന്നതിലേക്കായി ഗുണനപ്പട്ടികകൾ ചാർട്ട് പേപ്പറിൽ തയ്യാറാക്കി ക്ലാസ് മുറിയിൽ പ്രദർശിപ്പിക്കുകയും വർക്ക് ഷീറ്റിൽ തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്യുന്നു. ഗ്രൂപ്പ് തിരിച്ച് ഗണിത മാഗസിനുകൾ തയ്യാറാക്കുവാൻ അവസരമുണ്ടാക്കാം. Subject expert ആയ ആളുകളുടെ സഹായം ലഭ്യമാക്കാം. Geogebra Software ഗണിതശാസ്ത്ര ക്ലാസുകളിൽ നിർബന്ധമായും ഉപയോഗിക്കാൻ അധ്യാപകർക്ക് നിർദേശം കൊടുക്കാം. താഴ്ന്ന നിലവാരമുള്ളവർക്കായി extra class കൾ സംഘടിപ്പിക്കാം.

## ശാസ്ത്ര താൽപര്യം വളർത്താനുള്ള പ്രവർത്തനങ്ങൾ

കുട്ടികളിൽ ശാസ്ത്ര താൽപര്യം വളർത്തുന്നതിനായി വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. ഒഴിവു ദിനങ്ങളിൽ ശാസ്ത്ര വിഷയ നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകളിൽ സംഘടിപ്പിക്കുന്നു. ശാസ്ത്ര പ്രദർശനങ്ങൾ, വെബിനാർ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള യാത്രകൾ നടത്തുന്നു. വർഷത്തിൽ മൂന്നു പ്രാവശ്യം ഇത്തരം യാത്രകൾ നടത്താം. ശാസ്ത്രം പ്രവർത്തനമാണ് എന്ന ബോധമുണ്ടാകാൻ പരമാവധി എല്ലാ കുട്ടികളെയും ശാസ്ത്രമേളകളിൽ പങ്കെടുപ്പിക്കണം. ശാസ്ത്രലാബിനെ സജ്ജീകരിക്കുന്നതിനായി ലാബിലെ ഉപകരണങ്ങളെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ എല്ലാ ഉപകരണങ്ങളും രാസവസ്തുക്കളും തരം തിരിച്ച് ക്രമീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. അവരുടെ സഹായത്തോടെ തന്നെ കാറ്റലോഗ് തയ്യാറാക്കുന്നു. ശാസ്ത്ര മാജിക്കുകൾ അവതരിപ്പിക്കാനുള്ള അവസരം കുട്ടികൾക്ക് കൊടുക്കുന്നു.

## ഹിന്ദിയിൽ താൽപര്യം വളർത്തിയെടുക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ

1. ഹിന്ദി കഥകളും കവിതകളും ക്ലാസിൽ ഉറക്കെ വായിപ്പിക്കുക
2. ഹിന്ദി വാർത്തകൾ കേൾക്കുവാനുള്ള അവസരങ്ങൾ ഒരുക്കുക.
3. ഓരോ ദിവസം ഒരു വാക്ക് പഠിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി വാക്കുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക

4. ഹിന്ദി വാർത്താവായന ഉൾപ്പെടുത്തിക്കൊണ്ട് അസംബ്ലി സംഘടിപ്പിക്കുക.

5. ഹിന്ദി ക്വിസ് നടത്തുക.

6. പോസ്റ്റർ രചനാ മത്സരങ്ങൾ നടത്തുക.

7. ഹിന്ദിയിൽ സംസാരിക്കുന്ന വീഡിയോയുടെ സഹായത്തോടെ ഹിന്ദിസിനിമ, നാടകം തുടങ്ങിയവ കാണാനുള്ള അവസരം ഒരുക്കുക.

8. ഹിന്ദി കവിതകളുടെ ഓഡിയോകൾ കേൾക്കാനുള്ള അവസരങ്ങൾ കൊടുക്കുക.

9. ഹിന്ദിയിൽ ചോദ്യങ്ങൾ തയ്യാറാക്കുക.

## ഇംഗ്ലീഷ് ഭാഷാപഠനം എളുപ്പമാക്കാനുള്ള പ്രവർത്തനങ്ങൾ

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനും എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് അസംബ്ലി നടത്തുന്നുണ്ട്. എല്ലാ കുട്ടികളോടും ഡയറിക്കുറിപ്പ് എഴുതാൻ ആവശ്യപ്പെടുന്നു. കുട്ടികളെ ഗ്രൂപ്പ് തിരിച്ച് ഓരോ മാസവും ഓരോ ഗ്രൂപ്പിനും ഒരു വിഷയത്തിൽ ബുള്ളറ്റിൻ തയ്യാറാക്കാൻ

ആവശ്യപ്പെടാം. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാനായി മലയാള പുസ്തകങ്ങൾ കൊടുക്കാം. അവധിക്കാലത്തു വ്യാകരണ പ്രാധാന്യമുള്ള ക്ലാസ്സുകൾ നടത്താം. ക്ലാസ്സ്മുറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരങ്ങൾ ഒരുക്കാം.

ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രസംഗങ്ങൾ സംഘടിപ്പിക്കുകയും പദപ്രശ്നങ്ങൾ നിർമി- ക്കുകയും ചർച്ചചെയ്യുകയും ചെയ്യാം. ക്ലാസ്സിൽ ആഴ്ചയിൽ രണ്ടു ദിവസം മുഴുവനും ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ നിർബന്ധമാക്കാം.

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

മേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ. | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

പ്രവർത്തനം 3

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ.

ഉപമേഖല : ഇംഗ്ലീഷ് സർഗാത്മക രചന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ. | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ. Example June - monsoon July - population | പ്രതിമാസപതിപ്പ് | മെച്ച്. ഷൈ; ഇംഗ്ലീഷ് അധ്യാപിക. | |

പ്രവർത്തനം - 4
പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത്
ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസിലെ കുട്ടികളുമായി കത്തിടപാടിലൂടെ പങ്കുവയ്ക്കൽ. | മാസത്തിൽ ഒന്നു വീതം. | ക്ലാസ് ടീച്ചർ | |

മാതൃഭാഷ ആസ്വദിച്ച് പഠിക്കാൻ.

പ്രവർത്തനം - 1

പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം.

ഉപമേഖല : ഭാഷാശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ. | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം | - |

പ്രവർത്തനം - 2.

പേര് : രചനാ ശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം. | രചനാ ശില്പശാല സംഘടിപ്പിക്കൽ, രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | കലാസാഹിത്യ വേദി | |

പ്രവർത്തനം 3

പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ. | പരിചയപ്പെട്ടിട്ടുള്ള ബാല സാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം. | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ്. | |

പ്രവർത്തനം - 4

പേര് : ഗ്രന്ഥശാല ശാക്തീകരണം.

ഉപമേഖല : ഭാഷാശേഷികളുടെ വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തുക. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കുക. | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം. പി.ടി.എ. | |

പ്രവർത്തനം-5

പേര് : ദിനാചരണങ്ങൾ

മേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | S.R.G | |

പ്രവർത്തനം 1

പേര് : കായികപരിശീലനം

മേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം | രാവിലെയും വൈകുന്നേരവും കായികപരിശീലനം കുട്ടികൾക്ക് നൽകുന്നു | ആഴ്ചയിൽ 4 ദിവസം | S.R.G | |

പ്രവർത്തനം-3

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സൗജന്യ വൈദ്യ പരിശോധന നടത്തൽ | വർഷത്തിൽ ഒന്ന് വീതം | എച്ച്.എം പി.ടി.എ | |

പ്രവർത്തനം:4

പേര് : പച്ചക്കറിത്തോട്ടം.

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | S.R.G | |

പ്രവർത്തനം:4

പേര് : ജൈവ വൈവിധ്യ പാർക്ക് മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | S.R.G | |

പ്രവർത്തനം: 1

പേര്: ക്ലാസ് പി.ടി.എ സജീവമാക്കൽ

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ കൃത്യമായ ഇടവേള വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം: 2

പേര് : പോഷകാഹാര പരിപാടി

മേഖല/ഉപമേഖല: അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമായ വച്ച് പോഷകസമൃദ്ധമായ ഉച്ച ഭക്ഷണം നൽകൽ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ എച്ച്.എം P.T.A | |

പ്രവർത്തനം: 3

മേഖല/ഉപമേഖല: അക്കാദമികം/സാമൂഹികശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| പ്രത്യക്ഷാ അനുഭവത്തിലൂടെ ചരിത്രവസ്തുക്കൾ (ഗ്രഹി)ക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 | S.R.G | |

പ്രവർത്തനം: 4

പേര്: മേളകൾ

മേഖല/ഉപമേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനം ആണ് എന്ന് മനസിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ് | |

പ്രവർത്തനം: 5

പേര്: ജന്മദിനത്തിന് ഒരു പുസ്തകം

മേഖല: അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി കൂടി നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ ക്ലാസ് ലീഡർ | |

പ്രവർത്തനം: 6

പേര്: കുടിവെള്ള വിതരണം

മേഖല: ഭൗതികം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണം ശൃംഖലയിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തിക്കുന്നതിനുള്ള ക്രമീകരണം. | 3 മാസം | പി.ടി.എ | |

പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

1. ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
2. സ്കൂൾ സമൂഹത്തിൽ തന്നെ ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
3. വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
4. മതനിരപേക്ഷ സമൂഹത്തെ നില നിർത്താൻ കഴിയുന്നു.
5. വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

മോണിറ്ററിംഗ് സമിതി.

1. ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് ശക്തമാക്കുന്നു. സ്കൂൾ തലം മുതൽ
2. സോഷ്യൽ മോണിറ്ററിംഗ് സമിതി - (പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി, എസ്.ആർ.ജി. എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
3. ദൈനംദിന മോണിറ്ററിംഗ് എച്ച്.എം/ പ്രിൻസിപ്പാൾ, എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

ഉപസംഹാരം:

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹത്തായ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ നടപടികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.